# ഗവ.എച്ച്.എസ്.എസ്
# തിരുപുരം




## സ്പർശം



റവന്യൂ ജില്ല

തിരുവനന്തപുരം

ഉപജില്ല

നെയ്യാറ്റിൻകര

പ്രിൻസിപ്പൽ

ശ്രീമതി സുജ.ജി

ഹെഡ്മിസ്ട്രസ്സ്

ശ്രീമതി സിന്ധുലേഖ എം.എസ്

പി.ടി.എ പ്രസിഡന്റ്

ശ്രീ.ഷാജി.റ്റി

വർഷം

23/2/2024



കുട്ടികളിൽ വിവര വിനിമയ സാങ്കേതിക വിദ്യയിലൂടെ കൂടുതൽ അറിവ് നേടാൻ ലിറ്റിൽ കൈറ്റ്സ് സഹായിക്കുന്നു ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ സ്പർശം എന്ന മാഗസിന് എല്ലാ ആശംസകളും നേരുന്നു.

എച്ച്.എം

സിന്ധുലേഖ.എം.എസ്

# ഉള്ളടക്കം......


| | |
|---|---|
| സ്കൂൾ ചരിത്രം | 1 |
| അമ്മേ(കവിത) | 2 |
| ആഗോളതാപനം | 3 |
| സ്നേഹിതൻ(കവിത) | 4 |
| മൊഴിമുത്തുകൾ | 5 |
| ആനയും മുയലും(കഥ) | 6 |
| പൊന്നിൻ പ്രഭാതം(കവിത) | 7 |
| എലിയും കാളയും(കഥ) | 8 |
| മഴവില്ല്(കവിത) | 9 |
| പഴഞ്ചൊല്ലുകൾ | 10 |
| മഴ(കവിത) | 11 |
| അനുസരണക്കേടിന് കിട്ടിയ പ്രതിഫലം (കഥ) | 12 |
| കുട്ടികളിലെ ലഹരി ആസക്തി(ബോധവത്കരണം) | 13,14 |
| ചെറിയ പട്ടം...... | 15 |

# സ്കൂൾ ചരിത്രം

19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ സാമൂഹ്യപിന്നാക്കാവസ്ഥയും സവർണമേധാവിത്വം നിലനിന്നിരുന്ന കാലഘട്ടത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രാഥമിക വിദ്യാഭ്യാസംലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1893-ൽ ഈ കലാലയക്ഷേത്രം സ്ഥാപിതമായി.കുടിപ്പള്ളിക്കൂടമായിട്ടാണ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചത്.കത്തലിക്കൽ വീട്ടിൽ ശ്രീ.മാധവൻ




പിള്ളയാണ് ഈ സ്കൂളിന്റെ സ്ഥാപകനും പ്രഥമാധ്യാപികനും.സ്കൂൾ സ്ഥിതിചെയ്യുന്നതിന് തൊട്ടുമുന്നിലായി ഒരു കാവും സമീപത്ത് ഒരു കുളവുമുണ്ട്.അതുകൊണ്ട് കാവിൽപള്ളിക്കൂടം എന്നും അറിയപ്പെട്ടിരുന്നു.128 വർഷത്തെപഴക്കമുള്ള ഈ വിദ്യാലയമുത്തശ്ശി തിരുപുറം ഗ്രാമപഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.ഈ പ്രദേശത്തുള്ള വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസ സൗകര്യാർത്ഥം പ്രൈമറി സ്കൂളായിയും പിന്നീട് അപ്പർ പ്രൈമറിയായും ഉയർത്തി.ശാസ്ത്രരംഗത്തും സാമൂഹ്യരാഷ്ട്രീയ രംഗത്തും പ്രമുഖ വ്യക്തികളെ വാർത്തെടുക്കാൻ സ്കൂളിന് സാധിച്ചു



1981-ൽ ശ്രീ.സുന്ദരൻ നാടാർ പാറശ്ശാല എം.എൽ.എ ആയിരുന്ന കാലഘട്ടത്തിൽ ഈ സ്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തി.ഗവ:എച്ച്:എസ് കഞ്ചാം പഴിഞ്ഞി എന്നറിയപ്പെടുന്ന സ്കൂൾ 2003-ൽ ഗവ:എച്ച്:എസ് തിരുപുറം എന്നാക്കി മാറ്റി. ഇപ്പോൾ പ്രീപ്രൈമറി മുതൽ ഹയർ സെക്കൻറ്ററി വരെയുള്ള ക്ലാസുകളിലായി ഏകദേശം 600-ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.എൻ.എസ്.എസ്,റെഡ് ക്രോസ്,ലിറ്റിൽകൈറ്റ്സ്,ഗോട്ടെക്ക് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. പ്രീപ്രൈമറി കുട്ടികൾക്കായി നക്ഷത്രക്കൂടാരം ആഡിറ്റോറിയവും,ഓപ്പൺ ആഡിറ്റോറിയം,ബഹുനിലകെട്ടിടങ്ങൾ,ലാബുകൾ(സയൻസ്,സോഷ്യൽസയൻസ്,ഗണിതം കമ്പ്യൂട്ടർ) ,ലൈബ്രറി,ഹൈടെക് ക്ലാസ്സ്റൂറികൾ എന്നീ സംവിധാനങ്ങൾ സ്കൂളിൽ നിലവലുണ്ട്.2011 മുതൽ 2023 വരെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തുടർച്ചയായി നൂറ് ശതമാനം വിജയം നേടാൻ സാധിച്ചു.2014-ൽ ശ്രീ.സെൽവരാജ് എം.എൽ.എ ആയിരുന്ന കാലഘട്ടത്തിൽ തിരുപുറം ഗവൺമെൻ്റ ഹൈസ്കൂളിനെ ഹയർ സെക്കൻ്ററി സ്കൂളായി ഉയർത്തി.

# അമ്മ

അമ്മയെന്ന രണ്ടക്ഷരമാണീ
ലോകമേ തറവാടെന്നു പഠിപ്പിച്ചു
സ്നേഹമായ് ത്യാഗമായ്
ജീവനായ് എന്നുമെൻ അമ്മ
തൻ മക്കൾക്കെന്നും
സ്വയം എരിഞ്ഞടങ്ങീടുന്ന ദീപമാകും
അഷ്ടിക്കു വക ഇല്ലാതിരുന്ന
നേരത്തും
മൃഷ്ടാന്നമായി
പൈതലെപ്പോറ്റാനോടിനടന്നവൾ



-വിവേക്.വി.ആർ

# ആഗോളതാപനത്തിൻെറ അപകടങ്ങൾ

ഭൂമിയുടെ അന്തരീക്ഷത്തിലെ ചൂടിൻെറ നിരക്ക് ക്രമാതീതമായി കൂടുന്ന പ്രവണതയാണ്.ആഗോളതാപനമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്.അരനൂറ്റാണ്ടിലധികമായി ഈ വിപത്ത് ആരംഭിച്ചിട്ട്. 1995-നുശേഷം കാലാവസ്ഥാവ്യതിയാനം തീവ്രതരവും കഠിനമായി അനുഭവപ്പെടുന്നു എന്നാണ് ശാസ്ത്രീയനിരീക്ഷണം.ഇതു മൂലം സൂര്യനിൽനിന്ന് ഭൂമിയിലെത്തുന്ന താപത്തിൻെറ അംശം പുറത്തേക്കുപോകാതെ അന്തരീക്ഷത്തിനുള്ളിൽത്തന്നെ നിറഞ്ഞുനിൽക്കുന്നു.അങ്ങനെ ആഗോളതാപനം സംഭരിക്കുന്നു.

ഹരിതഗൃഹവാതങ്ങളുടെ ആധിക്യമാണ് ഈ ആപത്തിന് സുപ്രധാനകാരണം കാർബൺ ഡൈ ഓക്സൈഡ്, മീഥേൻ,നൈട്രസ് ഓക്സൈഡ്,സിഎഫ്സി എന്നീ ഹരിതഗൃഹവാതങ്ങളോടൊപ്പം നീരാവിയും ചേർന്ന് ഭൂമിയുടെ അന്തരീക്ഷത്തിൽ പുതപ്പുപോലെ വലയം ചെയ്ത് നിൽക്കുന്നു.

സൂര്യപ്രകാശം നമുക്ക് ആവശ്യമുണ്ടെങ്കിലും അതിലടങ്ങിയിരിക്കുന്ന അൾട്രാവയലറ്റ് രശ്മികൾ അപകടകാരികളാണ്.ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്ക് അത് കാരണമാകുന്നു.ഈ രശ്മികളെ തടഞ്ഞുനിർത്താൻ പര്യാപ്തമായ ഒരു വലയം അന്തരീക്ഷത്തിലുണ്ട്.അതാണ് ഓസോൺപാളി എന്നറിയപ്പെടുന്നത്.എന്നാലിന്ന് ഹരിതഗ്രഹവാതകങ്ങൾ ഓസോൺ പാളിയിൽ സുരക്ഷിതങ്ങൾ ഉണ്ടാകുന്നു.1980-കളിൽ അൻറ്റാർട്ടിക്കയ്ക്കു മുകളിൽ പ്രത്യക്ഷപ്പട്ട വിള്ളൽ രണ്ടായിരമാണ്ടോടെ 2.83 കോടി ചതുശ്ര കിലോമീറ്റർ വിസത്രിതിയിൽ വർധിച്ചിട്ടുണ്ടെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.

ആഗോളതാപത്തിൻ്റെ ഫലമായുണ്ടാകുന്ന ദുരന്തങ്ങളിലൊന്ന് മഞ്ഞുരുകലാണ്.ആർട്ടിക് സമുദ്രമേഖലയിൽ ഒരു വർഷം നാലുകോടി ചതുരശ്രമീറ്റർ മഞ്ഞ് ഉരുകുന്നു.ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമാക്കാൻ നാമെന്തുചെയ്യണം? ഹരിതഗൃഹവാതകങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കുന്ന പ്രവൃത്തികൾ പരമാവി കുറയ്ക്കുക സൗരോർജം ആവുന്നത്ര ഉപയോഗിച്ച് അപകടകരമായ ഇന്ധനങ്ങൾ ഒഴിവാക്കുക.മനുഷ്യൻെറ ബുദ്ധിപരമായ പ്രവർത്തിയിലൂടെ മാത്രമേ ഭാവി നിലനിർത്താൻ കഴിയൂ. തലമുറകളെ മുന്നിൽ കാണാനുള്ള ദീർഘവീക്ഷണത്തോടെ നാം പ്രവൃത്തിക്കുമ്പോൾ ഭൂമിയുടെ സംരക്ഷകരായിത്തീരാൻ നമുക്കു കഴിയും



# സ്നേഹിതൻ

ഉറ്റതോഴനായ് എന്നുമെൻറെ
അരികിലെത്തും സ്നേഹിതൻ
സ്നേഹമാണ് ത്യാഗമാണ്
എന്നുമെൻറെ സ്നേഹിതൻ
ജീവനായ് ജീവശ്വാസമായ്
കൂടെയുണ്ടെൻറെ സ്നേഹിതൻ
സ്നേഹിതാ നിൻ സ്നേഹസാഗരത്തിൽ
എന്നുമെൻറെ നീർത്തുള്ളിയായ് അലിയും ഞാൻ

-അഭിജിത്ത്.എ.ജെ

# മൊഴിമുത്തുകൾ

[1] എൻെറ ജീവിതമാണെൻെറ സന്ദേശം

-മഹാത്മഗാന്ധി

[2] മഹത്തായ ത്യാഗങ്ങൾ കൊണ്ടുമാത്രമേ മഹത്തയ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ള

-സ്വാമി വിവേകാനന്ദൻ

[3] വിജയം പല പരാജയങ്ങളോടും മുറിവുകളോടും കൂടിയാണ് നമ്മുടെ സമീപത്തേക്ക് വരുന്നത്

-ജവഹർലാൽ നെഹ്റു

[4] ജീവിതം ഒരു വെല്ലുവിളിയാണ് : അത് സ്വീകരിക്കുക

-രവീന്ദ്രനാഥടാഗോർ

[5] ഒരു കുട്ടിക്ക് കിട്ടാവുന്ന ഏറ്റവും നല്ല പാഠപുസ്തകം അദ്ധ്യാപകനായിരിക്കണം

-ഡോ.എസ്.രാധാകൃഷ്ണൻ

[6] സ്വപ്നങ്ങൾ യാഥാർത്ഥ്യമാവണമെങ്കിൽ ആദ്യം സ്വപ്നങ്ങൾ കാണുക

-ഡോ.എ.പി.ജെ.അബ്ദുൾകലാം

[7] എല്ലാവരും എന്നും വായിക്കേണ്ട രണ്ട് പുസ്തകങ്ങളുണ്ട്.അവനവനൊന്ന്, ചുറ്റുമുള്ള പ്രകൃതി മറ്റേത്

-കുഞ്ഞുണ്ണി മാഷ്

-ഐശ്വര്യ.എ.എസ്

# ആനയും മുയലും

ഒരിടത്തൊരിടത്ത് ഒരു ആനയും മുയലും ഉണ്ടായിരുന്നു.അവർ രണ്ടുപേരും വളരെ നല്ല സുഹൃത്തായിരുന്നു.ആനയുടെ പേര് കിട്ടു എന്നും മുയലിൻെറ പേര് മിട്ടു എന്നുമായിരുന്നു.ഒരു ദിവസം ഇവർ രണ്ടുപേരും കൂടി കാട്ടിൽ പോയി അപ്പോൾ ഒരു കടുവ മുയലിൻെറ അടുത്തുവന്ന്ആക്രമിക്കാൻ ശ്രമിച്ചു മുയൽ തൻെറ ജീവനും കൊണ്ട് ഓടിയപ്പോൾ ആന ഇതെല്ലാം കണ്ട് രസിച്ചു.ഇതു മുയൽ കണ്ടു. ഇതെല്ലാം കണ്ട് മുയലിന് വളരെയധികം സങ്കടം തോന്നി.അങ്ങനെ മുയൽ ഒരുവിധത്തിൽ ആ അപകടത്തിൽ നിന്നും രക്ഷപ്പെട്ടു. ആനയെ കാണാൻ വന്നു . ആന ദേഷ്യപ്പെട്ടു.അപ്പോൾ മുയലിന് ഒരു കാര്യം മനസ്സിലായ് തൻെറ സുഹൃത്ത് ഒരു അഹങ്കാരിയാണെന്ന് .കുറച്ച് ദിവസങ്ങൾക്ക് ശേഷം ആനയും ഒരു അപകടതത്തിൽപ്പെട്ടു.അതു ഒരു മനുഷ്യൻെറ വലയിലായിരുന്നു.അപ്പോൾ അതുവഴി മുയൽ കടന്നുപോയി.മുയലിന് ആനയോട് സഹതാപം തോന്നി.മുയലും തൻെറ സുഹൃത്തായ ലാലുവും ചേർന്ന് ആ വല കടിച്ചുമുറിച്ചു. മനുഷ്യർ വരുന്നതിനുമുൻപേ കിട്ടുവിനെ രക്ഷിച്ചു.കിട്ടുവും മിട്ടുവും പഴയതുപോലെ സുഹൃത്തുക്കളായി.

ഗുണപാഠം :ആരെയും കണ്ണടച്ച് വിശ്വസിക്കരുത്

–നീതു.ബി.എൻ

# പൊന്നിൻ പ്രഭാതം

പൊന്നിൻ പ്രഭാതം പൊട്ടി
വിടർന്നു സ്വർണ്ണത്തിളക്കവുമായി
മഞ്ഞിൻ കണങ്ങൾ സൂര്യനെ നോക്കി .
പുഞ്ചിരിയോടെ നിൽപ്പൂ .
മൊട്ടുകളെല്ലാം പുഷ്പങ്ങളായി
സൂര്യനെ നോക്കി വിടർന്നു
മധു നുകരാനായ് ശലഭങ്ങളെല്ലാം



പാറിപ്പറന്നു വന്നു .
ശലഭങ്ങളെ വരവേൽക്കാനായി
പൂക്കൾ വിടർന്നു നിന്നു
സൂര്യപ്രഭയിൽ തിളങ്ങിനിൽക്കുന്ന
പ്രകൃതി പ്രഭാതം സുന്ദരം .
മഞ്ഞുമൂടിയ പ്രഭാതമേ
പ്രകൃതി തന്നുടെ സൗന്ദര്യമേ
എന്തൊരു സുന്ദര പ്രഭാതം
എനിക്കിഷ്ടമുള്ള പ്രഭാതം
പൂന്തോട്ടം നിറയെ പൂക്കൾ
വിടർന്നു, പൊന്നിൻ
വെളിച്ചം പരന്നു
ഈ സുന്ദര പ്രഭാതമേ
എന്നും നിറഞ്ഞ് നിൽക്കണേ

-കൃഷ്ണേന്ദു.ആർ.കെ

# എലിയും കാളയും

അതൊരു ചൂട് നിറഞ്ഞ ഒരു ദിവസമായിരുന്നു.ഒരു കാള വലിയ മരത്തണലിൽ സുഖമായി കിടന്നുറങ്ങുകയായിരുന്നു.കാളക്കുട്ടൻ ഒരുപാട് ശബ്ദത്തിൽ കൂർക്കം വലിച്ചു .അതുവഴി പോയ കുഞ്ഞെലിക്ക് കാളക്കുട്ടൻെറ കൂർക്കം വലി ,വളരെ കൗതുകത്തോടെ നോക്കി കൊണ്ട് ഇരിന്നു.എലി പതുക്കെ കാളക്കുട്ടൻെറ മൂക്കിനകത്തേക്ക് കയറി.കാളക്കുട്ടൻ കൂർക്കം വലിച്ചപ്പോൾ തമാശക്കായി കാളക്കുട്ടൻ്റ മൂക്കിൽനിന്നും ഒരു മുടി കുഞ്ഞെലി വലിച്ചെടുത്തു.എന്നാൽ കാള പെട്ടെന്ന് എഴുന്നേറ്റ് ദേഷ്യത്തോടെ ചോദിച്ചു "ആരാടാ എൻെറ ഉറക്കം കളഞ്ഞത് "? ആ ചോദ്യത്തിന് കുഞ്ഞെലി "എന്നോട് ക്ഷമിക്കണം കാളച്ചേട്ടാ ഞാൻ വെറുതെ തമാശക്കായിട്ടാണ് ചെയ്തത്.എനിക്ക് ചേട്ടനെ എഴുന്നേൽപ്പിക്കണം എന്ന ഉദേശം ഇല്ലായിരുന്നു." കാളക്കുട്ടന് വല്ലാതെ ദേഷ്യം വന്നു. കാളക്കുട്ടൻ അവനെ ഓട്ടിക്കാൻ തുടങ്ങിയപ്പോൾ അവൻ ഓടി ഒരു മതിലിനരികിലേക്ക് ചെന്നു.അതിനകത്തെ മാളത്തിനകത്ത് ഒളിച്ച കുഞ്ഞെലികാളക്കുട്ടൻ എന്തു ചെയ്യുനനവെന്ന് നോക്കി.കാള വല്ലാത്ത ശക്തിയെടുത്ത് ആമതിലിനെ ഇടിക്കാൻ തുടങ്ങി.പക്ഷേ കൊണ്ട് ആ കുഞ്ഞെലിയെ പിടിക്കാനായില്ല.അവൻ അലറി വിളിച്ചു.പിന്നെയും മതിലിൽ ഇടിക്കാൻ തുടങ്ങി.അവന് ആ മതിലിൻെറ ബലം അറിയില്ലായിരുന്നു.കുഞ്ഞെലിയുടെ മുന്നിൽ നാണക്കെട്ട കാള തിരിച്ചുനടന്നു.

ഗുണപാഠം:ദേഷ്യം ഒന്നിനും പരിഹാരമല്ല

-ലക്ഷമി ശേഖർ.റ്റി



# മഴവില്ല്

മാനത്തുണ്ടൊരു  മഴവില്ല്
മാനം കറുത്താൽ നീ എത്തും
ഏഴുനിറത്തിൽ തെളിവില്ല്
മഴ വന്നാൽ നീ മായല്ലേ
മഴ പെയ്യുമ്പോൾ നീ പോകല്ലേ
എങ്ങും നിൻ നിറമെത്രഭംഗി
മായല്ലേ നീ മഴവില്ലേ
മാനത്തെന്നും നില്ക്കാമോ

-ആഷിൻ.എസ്.എൽ




അത്തം കറുത്താൽ ഓണം വെളുക്കും

അത്തം പത്തിനു തിരുവോണം

കാണം വിറ്റും ഓണം ഉണ്ണണം

ഉറുമ്പും ഓണത്തിനു കരുതും

ഉത്രാടം ഉച്ചയാകുമ്പോൾ അച്ചിമാർക്കൊരു വെപ്രാളം

ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര

വിത്താഴം ചെന്നാൽ പത്തായം നിറയും

വിത്തുഗുണം പത്തുഗുണം

അത്താഴം മുടക്കി പത്തായം നിറയ്ക്കരുത്

അത്തത്തിനു വിതച്ചാൽ പത്തായം പത്തുവേണം

-കാശിനാഥൻ എ.ആർ



# മഴ

തപ്പും കൊട്ടും മാനത്ത്
മഴയുടെ താളം താഴത്ത്
ചടുകുടു ചടുകുടു മഴചാടുമ്പോൾ
കുടയും ചൂടി പോകുമ്പോൾ
മഴയുടെ താളം കുടയുടെ മീതേ
ധിം ധിം ധിം ധിം ധിമി ധിമി
വയലുകൾ കവിഞ്ഞേ ഏലയ്യാ
പുഴകൾ കവിഞ്ഞേ ഏലയ്യാ
കിണറുകൾ കവിഞ്ഞേ ഏലയ്യാ
മഴയുടെ കൂടെ നടക്കാൻ എന്തു രസം

-അജയ് കെ.എസ്

# അനുസരണക്കേടിന്

## കിട്ടിയ പ്രതിഫലം

രാമുവും സോനുവും കൂട്ടുകാരായിരുന്നു.രാമു അമ്മയെയും അച്ഛനെയും അനുസരിച്ച് നല്ല കുട്ടിയായി ജിവിച്ചുപോന്നു.എന്നാൽ സോനു അനുസരണ ഇല്ലാത്ത കുട്ടിയായിരുന്നു.ഒരു ദിവസം സോനു രാമുവിനെ കളക്കാൻ അവൻെറ വിട്ടിലേയ്ക്ക് ക്ഷണിച്ചു.രാമു ആദ്യം വിചാരിച്ചു അമ്മയോട് ചോദിക്കാം. അമ്മചോദിച്ചാൽ സമ്മതിക്കില്ല.സോനു പറഞ്ഞു നീ എന്നും അമ്മയെ അനുസരിക്കുമല്ലോ.ഇന്ന് നീ ചോദിക്കേണ്ട.രാമു സോനുനോട്ക്കൂടെ പോയി.കളിക്കുന്നതിനിടയിൽ രാമുവീണ് അവൻെറ കാൽപൊട്ടി.അപ്പോഴാണ് അവൻെറ അനുസരണക്കേടിന് കിട്ടിയ ശിക്ഷയാണ് എന്ന് അവൻ മനസ്സിലാക്കിയത്.അവൻ അമ്മയൊട് മാപ്പ് പറഞ്ഞു.ഇനി ഒരിക്കലും അനുസരണക്കേട് കാട്ടില്ല എന്നവൻ തിരുമാനിച്ചു

-അലീന.എ.എഫ്

# കുട്ടികളിലെ ലഹരി ആസക്തി

അരുതെന്ന് പറയുന്നതെന്തും അറിയാനുള്ള കൗതുകം സിരകളിൽ നിറയുന്ന പ്രായമാണ് ബാല്യകൗമാരങ്ങൾ.മണ്ണപ്പവും,പാവകളിയും,ഡോറയും ബുജിയും,ടോമും ജെറിയും എല്ലാം വിട്ടെറിഞ്ഞ് ശൈശവത്തിന്റെ നൈർമല്യവെടിഞ്ഞ് ജീവിതം എന്തെന്നറിയാനുള്ള അന്വേഷണത്തളിന്റെ ആരംഭത്തിലാണവരിപ്പോൾ തന്നിക്കുമുന്നിലുള്ള ഒരുപാട് കാര്യങ്ങളിൽ നിന്ന് തന്റേതേതാണെന്ന് തെരഞ്ഞെടുക്കാൻ കൃത്യമായി അറിയാതെ മിഴിച്ചു നിൽക്കുന്ന സമയം.ബാല്യത്തിൽനിന്ന് കൗമാരം ജനിക്കുമ്പോൾ ഈ അവസ്ഥ അതിന്റെ പാരമ്യത്തിലെത്തുന്നു.കുട്ടിയായും മുതിർന്നവനായും ആരും പരിഗണിക്കാത്തപ്പോൾ സ്വയം രണ്ടിലേതെങ്കിലുമൊന്നായി സങ്കൽപ്പിച്ചുകൊണ്ട് സ്വാതന്ത്ര്യം നേടാൻ ദാഹിക്കുകയാണ് കൗമാരത്തിൽ ഓരോരുത്തരും.പക്ഷേ ഈ അവസ്ഥയിൽ കുട്ടികൾക്കുപറ്റുന്ന ഓരോ നിസാരമായ പിഴവും പിന്നിട് വൻപ്പിഴകളായി ജീവിതത്തെ പിന്തുടരും.അതിൽ പ്രധാനി ലഹരി തന്നെയണ്.ഉപയോഗിക്കാൻ അതിശക്തമായി പ്രേരിപ്പിക്കുകയും ഉപയോഗിച്ചാൽ അതിശക്തായി ജനിപ്പിക്കുകയും ചെയ്യുന്ന സുന്ദരമായ ഒരു ചുഴിയാണ് ലഹരി.അതിന്റെ വശ്യമായ തിരമാലകൾ.വർണ്ണവൈവിധ്യങ്ങൾ ജീവിതത്തിന്റെ തിരക്കിൽ പിച്ചവയ്ക്കുന്നതുവരെ പ്രയാസം കുടാതെ ആകർഷിക്കുകയും പിന്നീട് അതിന്റെ ആഴമുള്ള തിരിച്ചുവരവില്ലാത്ത അകങ്ങളില്ലേക്ക് വലിച്ചുകൊണ്ടുപോവുകയും ചെയ്യുന്നു.ദൃശ്യമാധ്യമങ്ങളിലെ ലഹരി വസ്തു ഉപയോഗത്തിന്റെ ദൃശ്യങ്ങളും അതുപയോഗിക്കുമ്പോൾ ലഭിക്കുന്ന സൂപ്പർ ശക്തികളെക്കുറിച്ച് കുട്ടികളിൽ നിലനിൽക്കുന്ന തെറ്റായ ധാരണകളും.മുതിർന്നവരുടെ ഉപയോഗത്തിൽനിന്ന് കൗതുകം ജനിക്കുന്നതുമൊക്കെയാണ് ലഹരി ഉപയോഗം തുടങ്ങുവാനുള്ള കാരണങ്ങൾ.എന്നാൽ ഉപയോഗിച്ചു തുടങ്ങിയാൽ നിർത്താനാകാത്ത ഒരു ശക്തി അവരെ അതിലേക്കു വലിക്കുന്നു വികാരങ്ങൾ ബുദ്ധിയെ കീഴടക്കുന്ന പ്രായത്തിൽ ഇത്തരം വസ്തുക്കളുടെ വൈഷികസുഖം അവരെ താരാട്ടിയുറക്കുന്നു അത് നാളെ തിരിച്ചുവരവില്ലാത്ത ഒരു ഉറക്കത്തിനാണെന്ന് അവരറിയുന്നില്ല.ആദ്യ കാലങ്ങളിൽ മുതിർന്നവർ ഉപയോഗിക്കുന്ന വസ്തുക്കൾ മോഷ്ടിച്ച് ഉപയോഗിച്ചിരുന്നു എങ്കിൽ ഇന്ന് വിദ്യാർത്ഥി വിദ്യാർത്ഥിനികളെ ലക്ഷ്യം വയ്ക്കുന്ന മാഫിയാ സംഘങ്ങൾ തന്നെ കുട്ടികളുടെ ലഹരി ഉപയോഗത്തിന് പിന്നിലുണ്ട്.

ആദ്യം സിറിഞ്ച്,മിഠായി,ഐസ്ക്രീം എന്നിവയായി വിറ്റഴിച്ചുകൊണ്ടിരുന്നു.കേരളത്തിന്റെ കണക്കുകൾ എടുക്കുകയാണെങ്കിൽ അഞ്ച് മുതൽ പതിനെട്ട് വയസ്സിനിടയിലുള്ളവരിൽ 74% ലഹരി ഉപയോഗിക്കുന്നു. കേരളത്തെപ്പോലെ ഒരു പ്രബുദ്ധസമൂഹത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ നാണക്കേടാണ്.പാൻമസാലകൾ നിരോധിച്ചിട്ടും അത് സ്കൂളുകളിലൂടെ പരിസരത്ത് വിൽക്കുന്നവരെ ഇടയ്ക്കിടെ പോലീസ് അറസ്റ്റ് ചെയ്യുന്ന വാർത്തകൾ നാം മാധ്യമങ്ങളിൽ കാണാറുണ്ട്.കുട്ടികളിലെ അമിതലഹരി ഉപയോഗം നാമൊരു പ്രശ്നമായി ചർച്ച ചെയ്യുമ്പോൾ അത് എവിടെ നിന്ന് അവർക്കു ലഭിക്കുന്നു എന്നും ആ വഴികൾ എങ്ങനെ അടയ്ക്കണമെന്നും ആദ്യം ആലോചിക്കേണ്ടത്.കുട്ടികൾ ലഹരിവഴിയിലേക്കും തിരിയാതിരിക്കാൻ നിരന്തര ശ്രദ്ധ രക്ഷിതാക്കളുടെ ഭാഗത്തുനിന്നുണ്ടാകണം അധ്യാപകർക്കും ഇക്കാര്യത്തിൽ വലിയ പങ്കു വഹിക്കാനുണ്ട്.വിദ്യാർത്ഥികൾക്കിടയിലെ ഇത്തരം ദുശ്ശീലങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി കോട്ടയം ജില്ലാ പോലീസ് ആരംഭിച്ചത്.ഓപ്പറേഷൻ ഗുരുകുലം പദ്ധതി സംസ്ഥാനതലത്തിൽ നടത്തുവാനുള്ള തീരുമാനം സ്വാഗതാർഹമാണ്

ബോധവത്കരണത്തിനു കുറവില്ലെങ്കിലും എന്തുകൊണ്ടാണ് നമ്മുടെ കുട്ടികൾ അപകടങ്ങളിലേക്ക് എടുത്തു ചാടുന്നു? അതൊരിക്കലും അവരുടെ മാത്രം തീരുമാനമല്ല.അതിലേക്കവരെ തള്ളി വടുന്ന കാരണങ്ങളെ നാം വേരോടെ പിഴുതെറിയണം.അതിന് ഇനി ബോധവത്കരണത്തിനപ്പുറം കഠിനവും പ്രായോഗികവുമായ നടപടികളാണ് എല്ലാ ഭരണാധികാരികളും കൈക്കൊള്ളുന്നത്.നമുക്ക് വേണ്ടത് ആസക്തിയുടെ അലസ്വത്തിലുറങ്ങുന്ന കൗമാരമല്ല,യുവത്വത്തെ വരവേൽക്കാൻ ചുറുചുറുപ്പോടെ കൈകോർത്ത് നിൽക്കുന്നവരെയാണ്

**-വിഷ്ണു ആർ**

# ചെറിയ പട്ടം

വിവരവിനിമയ സാങ്കേതികവിദ്യ
വിരൽ തുമ്പിൽ എത്തും
ചെറിയ പട്ടമാകുമീ
വിജ്ഞാന ലോകം

റോബോട്ടിക്സ് അനിമേഷൻ
സ്ക്രച്ച് മലയാളം കമ്പ്യൂട്ടിംങ്
കുട്ടികൾ തൻ മനസ്സിൽ
വിജ്ഞാന വിസ്മയം തീർത്തു

ഉയർന്നു പൊങ്ങും
ഉയർന്നു പൊങ്ങും പട്ടമേ നിൽ
പുറകിലായ് അണിനിരക്കും
ചെറിയ പട്ടത്തിൻ അംഗങ്ങളാകും ഞങ്ങൾ



-എബിൻ ജോസ്.ബി